പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടി

31 [488] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂട്ടിക്കിടക്കുന്ന തേയിലത്തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് ധനകാര്യ വകുപ്പിൽനിന്നും എന്തെല്ലാം സമാശ്വാസ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇവയിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും പുതുതായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും ഇനം തിരിച്ച് വെളിപ്പെടുത്തുമോ ;

(സി) ബന്ധപ്പെട്ട മുഴുവൻ ഉത്തരവുകളുടേയും പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള സമാശ്വാസ പദ്ധതികൾ ധനകാര്യ വകുപ്പിൽ നിന്നും പ്രത്യേകമായി നടപ്പാക്കിയിട്ടില്ല. എന്നാൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ തൊഴിൽവകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

(1) പൂട്ടിക്കിടക്കുന്ന സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്കും, സൗജന്യ റേഷൻ ലഭിക്കുന്ന തോട്ടം മേഖലയിലെ തൊഴിലാളികൾക്കും, കയർ മേഖലയിലെ തൊഴിലാളികൾക്കും വേണ്ടി പ്രത്യേക ഉത്സവ ആനുകൂല്യം നൽകുവാൻ എല്ലാ വർഷവും '2230-01-103-70 (NP)' എന്ന ബഡ്ജറ്റ് ശീർഷകത്തിൽ തുക വകയിരുത്താറുണ്ട്. നടപ്പു സാമ്പത്തിക വർഷം (2005-06)-ൽ 1,60,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ നിന്നും 7284 തോട്ടം തൊഴിലാളികൾക്കായി 500 രൂപ വീതം ആകെ 36,42,000 രൂപ വിതരണം ചെയ്തുകഴിഞ്ഞു.

[GO (Rt) No. 2576/05/LBR Dt. 6-9-2005].

(2) തോട്ടം തൊഴിലാളികളുടെ മക്കൾക്ക് ഉപരിപഠനത്തിന് ധനസഹായം നൽകുന്ന പദ്ധതിയ്ക്കും (G. O. (Rt) No. 2422/05/LBR dt. 23-8-2005) പ്രകാരം തൊഴിൽ വകുപ്പ്, ധനകാര്യ വകുപ്പിന്റെ അനുമതിയോടെ, അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൽ പൂട്ടികിടക്കുന്ന തോട്ടം തൊഴിലാളികളും ഉൾപ്പെടും. കൂടാതെ പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ടിലേക്ക് ഒരുകോടി രൂപയും (G. O. (Rt) No. 4656/05/Fin. dt. 18-6-2005) പ്രകാരം അനുവദിച്ചുകഴിഞ്ഞു. ദുരിതബാധിതരായ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടിയാണ് പ്രസ്തുത തുക. ഇതിൽ ഇടുക്കി ജില്ലയ്ക്ക് അനുവദിച്ച 75,00,000 രൂപയിൽനിന്നും 2611 തോട്ടം തൊഴിലാളികൾക്ക് 13,05,500 രൂപ നൽകി കഴിഞ്ഞു.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു. †

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly